**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 269** 07.02.2018 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിലെ ഇ-ഗവേണൻസ് പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ.ആശ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ്<br>മന്ത്രി |

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ് പദ്ധതികളായ ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റം, റവന്യൂ ഇ-പേയ്മെന്റ്, ഇ-ട്രഷറി, ഇ-പ്രൊക്യൂർമെന്റ്, ഡിജിറ്റൽ ഇന്ത്യ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം തുടങ്ങിയവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എ) **ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം**

ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോട്ടു കൂടിയാണ് ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 1440 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്.

**ഡിജിറ്റൽ ഇന്ത്യ ലാൻഡ്റെക്കോഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (DILRMP)**

ഇ-ഗവേണൻസിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത ഭൂരേഖ കമ്പ്യൂട്ടർവത്കരണപദ്ധതി, റവന്യൂ ഭരണശാക്തീകരണം, ഭൂരേഖ നാളതീകരണം എന്നീ പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ടാണ് ദേശീയതലത്തിൽ ഡി.ഐ.എൽ. ആർ. എം. പി പദ്ധതി നടപ്പിലാക്കുന്നത്. ഭൂമി

സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവത്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വേ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ രജിസ്ട്രേഷൻ സർവ്വേ വകുപ്പുകളുടെ ഏകോപനം തുടങ്ങിയവയാണ് ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. ഇതിന്റെ ഭാഗമായി ReLIS പദ്ധതി 15.09.2011 ന് പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ചു. ഡി.ഐ.എൽ. ആർ. എം. പി പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച വിവിധ ഓൺലൈൻ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടും പുതിയ സങ്കേതങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും സംസ്ഥാനത്തുടനീളം ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കി വരുന്നു.

## <u>റവന്യൂ ഇ-പേയ്മെന്റ്</u>

സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1440 വില്ലേജുകളിൽ ഓൺലൈൻ വഴി കരം ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പേയ്മെന്റ് സംവിധാനം വയനാട്, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ഉടൻതന്നെ എല്ലാ ഗവൺമെന്റ് ഇതര പെയ്മെന്റുകളും ഓൺലൈൻ ആക്കാനുള്ള സംവിധാനം നിലവിൽ വരുന്നതാണ്.

| | | | |
|---|---|---|---|
| | | | **ഇ-ട്രഷറി**<br><br>റവന്യൂ ഇ-പേയ്മെന്റ് സിസ്റ്റത്തെ ഇ-ട്രഷറിയുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ റവന്യൂ വകുപ്പ് വഴിയുള്ള നികുതികൾ ഓൺലൈനായി അടയ്ക്കാൻ നികുതിദായകർക്ക് കഴിയും.<br><br>**ഇ-പ്രൊക്യൂർമെന്റ്**<br><br>നിലവിൽ റവന്യൂ വകുപ്പിന് കീഴിലുള്ള 33 സ്ഥാപനങ്ങളിൽ ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം(1) ആയി ചേർക്കുന്നു.<br><br>വിശദീകരണക്കുറിപ്പ് അനുബന്ധം(2) ആയി ചേർക്കുന്നു. |
| **(ബി)** | മേൽപ്പറഞ്ഞ ഓരോ പദ്ധതിയും പൂർണ്ണമായി നടപ്പിലാക്കുന്നതിന് ഇനി എത്ര കാലയളവ് വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ; | **(ബി)** | പദ്ധതികൾ ഫണ്ട് ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. |
| **(സി)** | ഇ-പേയ്മെന്റ് പദ്ധതികൾ നടപ്പിലാക്കുമ്പോൾ അക്ഷയ സെന്ററുകളും സർവ്വീസ് സെന്ററുകളും വഴി ലാന്റ് ടാക്സും മറ്റും അടയ്ക്കുന്നതിന് ഫീസ് ചുമത്തുന്നത് ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(സി)** | ഫീസ് ചുമത്തുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം പരിഹരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

## റവന്യൂ വകുപ്പിന്റെ കീഴിൽ ഇ-ടെൻഡർ നടപ്പിലാക്കിയിട്ടുള്ള സ്ഥാപനങ്ങൾ

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 269 - പിരിവ് (എ)

1. ആലപ്പുഴ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
2. ആലപ്പുഴ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ - ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി ആലപ്പുഴ
3. കോട്ടയം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
4. കോട്ടയം -ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി കോട്ടയം
5. കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ
6. ഡയറക്ടറേറ്റ് ഓഫ് സർവേ ആന്റ് ലാന്റ് റെക്കോർഡ്സ്
7. ഡിസ്ട്രിക്ട് നിർമ്മിതികേന്ദ്ര പത്തനംതിട്ട
8. എൻഡോസൽഫാൻ റീഹാബ്ലിട്ടേഷൻ സെൽ
9. എറണാകുളം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
10. എറണാകുളം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി എറണാകുളം
11. ഇടുക്കി ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
12. ഇടുക്കി ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി ഇടുക്കി
13. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്
14. കണ്ണൂർ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
15. കണ്ണൂർ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി കണ്ണൂർ
16. കാസർഗോഡ് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
17. കാസർഗോഡ് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി കാസർഗോഡ്
18. കൊല്ലം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
19. കൊല്ലം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി കൊല്ലം
20. കോഴിക്കോട് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
21. കോഴിക്കോട് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി കോഴിക്കോട്
22. മലപ്പുറം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
23. മലപ്പുറം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി മലപ്പുറം
24. നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രൊജക്റ്റ്
25. പാലക്കാട് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
26. പാലക്കാട് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി പാലക്കാട്

27. സ്റ്റേറ്റ് ലാൻഡ് ബോർഡ്
28. തിരുവനന്തപുരം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
29. തിരുവനന്തപുരം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി തിരുവനന്തപുരം
30. തൃശ്ശൂർ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
31. വയനാട് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ
32. വയനാട് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി വയനാട്
33. വയനാട് ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ-ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി വയനാട്-ഇ-ഓഫീസ് ഡിവിഷൻ

സെക്ഷൻ ഓഫീസർ